

THURSDAY 29/01/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/01/2026

1. സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കാനൈസേഷൻ (SMAM) പദ്ധതി പ്രകാരം സംസ്ഥാനതല നിർമ്മാതാക്കളുടെയും ഡീലർമാരുടെയും വർക്ക്ഷോപ്പ് ഇന്ന് (2026 ജനുവരി 29 ന്) രാവിലെ 11:00 മണിക്ക് തിരുവനന്തപുരത്തെ വഴുതക്കാട്ടുള്ള ടാഗോർ തിയേറ്ററിൽ നടത്തുന്നു. ഇതോടനുബന്ധിച്ച് ഫാം മെഷിനറി റിപ്പയർ പോർട്ടലിന്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കും. DBT 2.0 പോർട്ടൽ പ്രദർശനവും പരിശീലന സെഷനും, പെർ ഡ്രോപ്പ് മോർ ക്രോപ്പ് (PDMC) സ്കീമിന് കീഴിൽ പുറത്തിറക്കിയ കേരള കർഷകൻ മാസികയുടെ പ്രത്യേക പതിപ്പിന്റെ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്.

2. 2026 ഫെബ്രുവരി 11 മുതൽ 15 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 (VAIGA – Value Addition for Income Generation in Agriculture) സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഡെഡിക്കേറ്റഡ് DPR ക്ലിനിക് ഫെബ്രുവരി 9, 10 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. മൂല്യവർധിത കൃഷിയും അഗ്രി-ബിസിനസ് സംരംഭങ്ങളും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രോത്സാഹിപ്പിക്കുന്നതിനായി ഒരുക്കുന്ന ഈ ക്ലിനിക്, ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനുള്ള സമഗ്ര സഹായവേദിയായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെ ആനയറയിലെ സമേതി (SAMETI) യിൽ നടക്കുന്ന DPR ക്ലിനിക്കിൽ കൃഷി സംരംഭകർ, യുവ കർഷകർ, എഫ്.പി.ഓകൾ, എഫ്.പി.സികൾ, അഗ്രി-എം.എസ്.എം.ഇകൾ എന്നിവർക്കാണ് പങ്കെടുക്കാൻ അവസരം. കാർഷിക ഉല്പാദനോപാധികൾ, യന്ത്രവത്കരണം, അഗ്രി ബിസിനസ് കമ്പനികൾ, പൊതുമേഖല സ്ഥാപനങ്ങൾ (PSU) എന്നിവയിലെ വിദഗ്ധർ പങ്കാളികളായി സൗജന്യ സേവനങ്ങൾ നൽകും. കൃഷിക്കൂട്ടങ്ങൾ, കാർഷിക സംരംഭകർ, എഫ്.പി.സികൾ, അഗ്രി-എം.എസ്.എം.ഇ.കൾ ഉൾപ്പെടെയുള്ള അനുബന്ധ മേഖലകളിൽ നിന്നുള്ളവർക്ക്. പങ്കെടുക്കാം. പരിപാടിയിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ് എന്നാൽ, മുൻകൂട്ടി രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ അവസാന തീയതി ജനുവരി 31. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/m7rCo5F7W5pphLo76. വ്യക്തമായ പദ്ധതി ആശയം, പ്രാഥമിക വരവ്-ചെലവുകണക്കുകൾ, നല്ല വായ്പാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യോഗ്യത, കൂടാതെ പദ്ധതിയുടെ മൊത്തച്ചെലവിന്റെ 10-20 ശതമാനം സ്വയം നിക്ഷേപിക്കാൻ ശേഷിയുള്ള ഗൗരവമുള്ള അപേക്ഷകരാണ് DPR ക്ലിനിക്കിന് അപേക്ഷിക്കേണ്ടതെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 9497336242, 80955 90451.

3. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി പ്രകാരം കേരള സർക്കാർ ആർ.എസ്.എസ്. - 4-ാം ഗ്രേഡ് റബ്ബറിന്റെ വിപണി സഹായവില 2025 നവംബർ ഒന്നു മുതൽ കിലോഗ്രാമിന് 180 രൂപയിൽ നിന്ന് 200 രൂപയാക്കി വർദ്ധിപ്പിച്ചു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി കർഷകർക്ക് അവരുടെ ബില്ലുകൾ/സെയിൽസ് ഇൻവോയ്സുകൾ റബ്ബറുത്പാദകസംഘങ്ങൾ വഴി www.ebt.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്. എല്ലാ റബ്ബറുത്പാദകസംഘങ്ങളും കർഷകരുടെ ബില്ലുകൾ സമയബന്ധിതമായി അപ് ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ബില്ലുകൾ/സെയിൽസ് ഇൻവോയ്സുകൾ അപ് ലോഡ് ചെയ്യുന്നതിനുമുമ്പ് കർഷകർ തങ്ങളുടെ തോട്ടത്തിന്റെ തന്നാണ്ടത്തെ കരമടച്ച രസീതും സത്യവാങ്മൂലവും ഉത്പാദകസംഘത്തിൽ സമർപ്പിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഈ പദ്ധതിയിലെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പോർട്ടൽ ഉപയോഗിക്കുമ്പോൾ ഏതെങ്കിലും ഉത്പാദകസംഘങ്ങൾക്ക് സാങ്കേതികബുദ്ധിമുട്ടുകളോ ലോഗിൻപ്രശ്നങ്ങളോ നേരിടുകയാണെങ്കിൽ സഹായത്തിനായി റബ്ബർബോർഡ് ഫീൽഡ് ഓഫീസുമായോ റീജിയണൽ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

4. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമിൽ 100 ടണ്ണിൽ പരം ചാണകം കിലോയ്ക്ക് 1.75 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. ആവശ്യക്കാർ സ്വന്തം നിലയിൽ ലോഡ് ചെയ്ത് കൊണ്ടുപോകാവുന്നതാണ്. **ഫോൺ നമ്പർ: 8848350105, 9497720137.**

## പരിശീലന പരിപാടി

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER" (CAITT) ജനുവരി 31ന് കുരുമുളക് കൃഷി എന്ന വിഷയത്തിൽ ഏകദിന പരിശീലനം നൽകുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ caittvellayani@kau.in എന്ന വിലാസത്തിലേക്ക് ഇമെയിൽ അയക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 02.02.2026 മുതൽ 12.02.2026 വരെ 10 ദിവസങ്ങളിലായി "ക്ഷീരോൽപന്ന നിർമ്മാണ പരിശീലന" പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 135/ രൂപ. പരിശീലനാർത്ഥികൾ 30.01.2026-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 9446614754, 0476-2698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം